# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4043** **25/06/2014-ൽ മറുപടിക്ക്**

## കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്റർ - ഉദ്ദേശ്യലക്ഷ്യങ്ങൾ

**ചോദ്യം**

ശ്രീ. ബെന്നി ബഹനാൻ
" കെ. ശിവദാസൻ നായർ
" റ്റി. എൻ. പ്രതാപൻ
" എം. എ. വാഹീദ്

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്റർ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | 08/01/2014-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിന് 03/02/2014-ലെ G.O. (MS) No.39/2014/H&FWD ഉത്തരവ് പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കാൻസർ ചികിത്സ, ഗവേഷണം, കാൻസർ ബോധവത്കരണം മുൻകൂർ കാൻസർ നിർണ്ണയ പരിശോധന, കാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കും ആവശ്യമായ മനുഷ്യ വിഭവശേഷിയെ വാർത്തെടുക്കൽ എന്നിവയാണ് ഇതുകൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | ഇതിന്റെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) | കൊച്ചിയിലെ നിർദ്ദിഷ്ട കാൻസർ ഇൻസ്റ്റിറ്റ്യൂട്ടും റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനായി Detailed Project Report തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ ഹോസ്പിറ്റൽ കൺസൽട്ടൻസി കോർപ്പറേഷൻ ലിമിറ്റഡിനെ (HSSC) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി RCC-യിലെ മുൻ ഓങ്കോളജിസ്റ്റായ ഡോ. വി. പി. ഗംഗാധരനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR-സംബന്ധിച്ചും, അനുബന്ധ വിഷയങ്ങളും ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി, എറണാകുളം ജില്ലയിലെ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എമാർ, മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ ഒരു യോഗം 28/06/2014-ന് ചേരാൻ തീരുമാനിച്ചിരിക്കുക യാണ്. |
| (ഡി) | എവിടെയാണ് ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ഡി) | കൊച്ചി മെഡിക്കൽ കോളേജ് കാമ്പസിലാണ് നിർദ്ദിഷ്ട സെന്റർ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ